## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 1223

10.08.2017-ൽ മറുപടിക്ക്

### കോന്നിയിൽ സിവിൽ സർവ്വീസ് അക്കാഡമി

| ചോദ്യം<br>ശ്രീ. അടൂർ പ്രകാശ് | | മറുപടി<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) കോന്നിയിൽ സിവിൽ സർവ്വീസ് അക്കാഡമി ആരംഭിക്കുന്നതിന് കഴിഞ്ഞ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണ് ; | (എ) | ഉണ്ട്. 17.12.2014 ൽ സ.ഉ (സാധാ) നം. 2965/2014/ഉവിവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) ഇതിലേയ്ക്ക് കെട്ടിടം പണിയുന്നതിനായി MLA ഫണ്ടിൽ നിന്നും തുക അനുവദിച്ചിരുന്നുവോ; എങ്കിൽ എത്രയാണ് ; | (ബി) | ഉണ്ട്. രണ്ട് കോടി രൂപ. |
| (സി) കെട്ടിടം പണി ആരംഭിക്കുന്നതിന് ഏത് സ്ഥലമാണ് നിർദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;<br><br>(ഡി) അടിയന്തരമായി പണികൾ ആരംഭിക്കുന്നതിന് നിർദ്ദേശം നൽകുമോ ;<br><br>(ഇ) നിലവിൽ എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ അത് എന്താണെന്ന് വിശദമാക്കാമോ ; ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദീകരിക്കാമോ ? | (സി), (ഡി) & (ഇ) | കെട്ടിട നിർമ്മാണത്തിനായി കോന്നി ഐരവൺ വില്ലേജിൽ കോന്നി മെഡിക്കൽ കോളേജ് കാമ്പസിനോട് ചേർന്ന് കൃഷി വകുപ്പിന്റെ കൈവശമുണ്ടായിരുന്ന ബ്ലോക്ക് നമ്പർ 35 ൽ പ്പെട്ട സർവ്വേ നമ്പർ 120/1 ലെ 40 സെന്റ് (16.91 ആർ) സ്ഥലം, അനുയോജ്യമാണെന്ന് പത്തനംതിട്ട ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ നിലവിൽ ടി സെന്ററിൽ കുട്ടികളുടെ എണ്ണം ക്രമാതീതമായി കുറഞ്ഞു വരികയാണ്. യോഗ്യതയുള്ള ഫാക്കൽറ്റി അംഗങ്ങളെ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്, യാത്രാ സൗകര്യങ്ങളുടെ അപര്യാപ്തത, സ്വന്തമായ അടിസ്ഥാന |

സൗകര്യങ്ങളുടെ അപര്യാപ്തത എന്നിവയാണ് വിദ്യാർത്ഥികളുടെ എണ്ണത്തിലുണ്ടായ കുറവിന് കാരണങ്ങളായി കണ്ടെത്തിയിരിക്കുന്നത്. ഫലത്തിൽ കോന്നിയിൽ ഇപ്പോൾ പ്രവർത്തിച്ച് വരുന്ന സബ്സെന്റർ മതിയായ സൗകര്യങ്ങളോടെയല്ല പ്രവർത്തിച്ചു വരുന്നതെന്നും, ഇതിന്റെ ഗുണഭോക്താക്കളായ കുട്ടികൾക്ക് പ്രയോജനം ലഭിക്കുന്നില്ല എന്ന വസ്തുതയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ